# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 235

10/12/2014 - ൽ മറുപടിക്ക്

### ദേശീയ ജലപാത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹിദ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തി വരുന്നത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്.<br>ദേശീയജലപാത നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ ഊന്നിവലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ |

ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAIക്ക് നടത്തുവാൻ വിഘ്നാതമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്കു സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) ജലപാതയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ദേശീയജലപാത-3ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഒറ്റവരി ഗതാഗത സംവിധാനം ഏർപ്പെടുത്തികഴിഞ്ഞു. ആലപ്പുഴക്കും കൊല്ലത്തിനുമിടയ്ക്ക് കുറച്ച് ഭാഗങ്ങൾ കൂടി ആഴം കൂട്ടുവാനുള്ള പണികളും മറ്റും പൂർത്തീകരിച്ചാൽ ഈ ജലപാതയിലാകെ 2 വരി ഗതാഗത സംവിധാനം നിലവിൽ വരും.

(സി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) ജലപാത സഞ്ചാരയോഗ്യമാകുന്ന മുറയ്ക്ക് ബോട്ട് ജെട്ടി ടെർമിനൽ, ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവ കൂടാതെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് ജലപാതയുടെ തീരത്തുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്.

(ഡി) മിഷൻ 676 ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) മിഷൻ 676 ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2015 ആദ്യത്തോട് കൂടി പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ